LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടികൾ

*7 [96] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ:

,, ജോസഫ് എം. പുതുശ്ശേരി:

,, സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളെയും രാത്രി ജോലി ചെയ്യാൻ അനുവദിച്ചുകൊണ്ട് കേന്ദ്ര സർക്കാർ നിയമത്തിൽ മാറ്റം വരുത്തിയിട്ടുള്ളതിന്റെ പശ്ചാത്തലത്തിൽ നൈറ്റ് ഷിഫ്റ്റിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ;

(സി) ഏതെല്ലാം മേഖലകളിലാണ് ഇപ്പോൾ വനിതകൾ രാത്രിയിൽ ജോലി ചെയ്യുന്നതെന്ന് വിശദമാക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ ആന്റ് ബി) 1960-ലെ കേരളാ കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിലെ 20-ാം വകുപ്പനുസരിച്ച് സ്ത്രീകളെയും 17 വയസ്സ് തികയാത്ത കുട്ടികളെയും കൊണ്ട് രാത്രി 7 മണിക്കും രാവിലെ 6 മണിക്കുമിടയിൽ ജോലി ചെയ്യിക്കുവാൻ പാടില്ല. എന്നാൽ വ്യവസ്ഥകൾക്ക് വിധേയമായി സ്ത്രീകളെയും രാത്രിയിൽ ജോലി ചെയ്യുവാൻ അനുവദിച്ചുകൊണ്ട് കേന്ദ്ര സർക്കാർ നിയമത്തിൽ മാറ്റം വരുത്തിയ പശ്ചാത്തലത്തിൽ, സംസ്ഥാന സർക്കാർ, ഐ.ടി., എഞ്ചിനീയറിംഗ്, മത്സ്യ സംസ്കരണം, ഭക്ഷ്യ സംസ്ക്കരണം, വസ്ത്ര നിർമ്മാണം, വാണിജ്യ സ്ഥാപനങ്ങൾ, ഹോട്ടലുകളും ഭക്ഷണശാലകളും, ബാങ്കുകളും സാമ്പത്തിക കാര്യ സ്ഥാപനങ്ങളും തുടങ്ങിയ മേഖലകളെ മേൽ നിയമത്തിലെ 20-ാം വകുപ്പിൽ നിന്ന് ഒഴിവാക്കി കൊണ്ട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പ്രസ്തുത വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(1) രാത്രി 7 മണിക്കും രാവിലെ 6 മണിക്കുമിടയിൽ ജോലി ചെയ്യേണ്ടി വരുന്ന സ്ത്രീകളുടെ സുരക്ഷിതത്വത്തിന് അനുയോജ്യമായ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

(2) ഈ സമയത്ത് ജോലി ചെയ്യുന്നവരിൽ രണ്ട് സ്ത്രീകളെങ്കിലും ഉൾപ്പെട്ട അഞ്ച് പേരടങ്ങുന്ന സംഘമെങ്കിലും ആയിരിക്കേണ്ടതാണ്.

(3) സ്ത്രീ തൊഴിലാളികൾക്ക് സുരക്ഷിതവും പ്രത്യേകവുമായ വിശ്രമ മുറികൾ ഉണ്ടായിരിക്കണം.

(4) സ്ത്രീകൾക്ക് താമസ സ്ഥലത്ത് നിന്ന് ജോലിസ്ഥലത്തേക്കും തിരിച്ചും യാത്രാ സൗകര്യങ്ങൾ ഏർപ്പാടാക്കിയിരിക്കണം.

(സി) ഐ.ടി., എഞ്ചിനീയറിംഗ്, മത്സ്യസംസ്ക്കരണം, ഭക്ഷ്യ സംസ്ക്കരണം, വസ്ത്ര നിർമ്മാണം, വണിജ്യ സ്ഥാപനങ്ങൾ, ഹോട്ടലുകളും ഭക്ഷണശാലകളും സാമ്പത്തികകാര്യ സ്ഥാപനങ്ങളും തുടങ്ങിയ മേഖലകളിൽ ഇപ്പോൾ സ്ത്രീകൾക്ക് രാത്രിയിൽ ജോലി ചെയ്യാവുന്നതാണ്.

പരമ്പരാഗത വ്യവസായ മേഖലയെ പുനരുദ്ധരിക്കാൻ പദ്ധതി

*8 [97] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, ടി. കെ. ബാലൻ:

,, കെ. രാധാകൃഷ്ണൻ:

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പൊതുമിനിമം പരിപാടിയിൽ പരമ്പരാഗത വ്യവസായ മേഖലയ്ക്ക് പ്രാധാന്യം നൽകിയിട്ടുള്ളത് വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാഹചര്യം പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ തകർച്ചയിലിരിക്കുന്ന പരമ്പരാഗത വ്യവസായ മേഖലയെ പുനരുദ്ധരിക്കാൻ കഴിയുന്ന പദ്ധതികൾക്ക് രൂപം നൽകി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം പരമ്പരാഗത വ്യവസായ മേഖലയ്ക്കുവേണ്ടി ഏതെല്ലാം നിലയിലുള്ള എത്ര പദ്ധതികൾക്ക് വ്യവസായ വകുപ്പ് രൂപം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിൽ ഏതെല്ലാം പദ്ധതികൾ കേന്ദ്ര ഗവൺമെന്റിൽ സമർപ്പിക്കുകയുണ്ടായി; ഏതെല്ലാം പദ്ധതികളുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) ഉണ്ട്.

(ബി—ഡി) കയർ മേഖലയെ പുനരുദ്ധരിക്കുന്നതിനായി 17.64 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര കാർഷിക ഗ്രാമവകുപ്പ് മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ ബാലരാമപുരം ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പ്രോജക്ട് എന്ന പേരിൽ 16.5 കോടി രൂപയുടെ ഒരു മാസ്റ്റർ പ്ലാൻ, എസ്.ജി.എസ്.വൈ. സ്കീം പ്രകാരം 'തനിമ' എന്ന പേരിൽ 14.64 കോടി രൂപയുടെ പദ്ധതി, 11.08 കോടി രൂപയുടെ 'കൃതിക' എന്ന പദ്ധതി, ഡി.ഡി.എച്ച്.പി.വൈ., ഹാന്റ്ലൂം എക്സ്പോർട്ട്സ് സ്കീം, ഹെൽത്ത് പാക്കേജ് സ്കീം, കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സ്കീം, റിബേറ്റ് സ്കീം തുടങ്ങിയവയ്ക്കുള്ള പ്രൊപ്പോസലുകളും കേന്ദ്ര സർക്കാരിനു സമർപ്പിക്കുകയുണ്ടായി. ആയതിൽ ഡി.ഡി.എച്ച്.പി.വൈ., ഹെൽത്ത് പാക്കേജ് സ്കീം, കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സ്കീം മുതലായവക്കായി നടപ്പുവർഷം 5.6297 കോടി രൂപ അനുവദിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly